# ST JEROME'S HSS VELLAYAMKUDY
# IDUKKI




LITTLE KITES DIGITAL MAGAZINE
2023-24

# ST.JEROME'S HSS VELLAYAMKUDY



# CONTENTS


- ക്രൂര മൃഗങ്ങൾ ......................... 6
- ജലം ......................... 7
- TWO CATS AND A MONKEY ......................... 8
- WAR : A CURSE FOR HUMANITY ......................... 9
- ചിത്ര വിസ്മയം ......................... 10
- പ്രളയം ......................... 11
- മഹദ് വാക്യങ്ങൾ ......................... 12
- ജലം ഒരു വരം ......................... 13 - 14
- ART OF DRAWING ......................... 15
- അത്യാഗ്രഹത്തിന് ലഭിച്ച ശിക്ഷ ......................... 16- 17
- CARTOON ......................... 18
- DRAWING ......................... 19
- മഹത് വചനങ്ങൾ ......................... 20
- ലഹരി എന്ന വിപത്ത് ......................... 21
- സൗഹൃദം എന്നത് അവസാനിക്കുന്നില്ല ......................... 22
- DRAWING ......................... 23
- DRAWING 2 ......................... 24
- പായ് കപ്പൽ ......................... 25
- സൃഷ്ടികൾ ......................... 26
- ദൈവം തന്ന എന്റെ കാവൽ മാലാഖമാർ ......................... 27 - 28
- തിരികെ ജീവിതത്തിലേക്ക് ......................... 29 - 30
- കുഞ്ഞി കിളിയും ഞങ്ങളും ......................... 31 - 32
- രാത്രിയുടെ മനോഹാരിത ......................... 33


**THANK YOU**

# EDITORIAL BOARD





I have great pleasure to know that the students of Little kites bring out a digital magazine on "LITTLE VIBES" for the year 2023-2024.

I congratulate all the contributions of the Editorial Board for the sincere effort in making the magazine.

I wish all success.

Smt.Vincy Sebastian
Headmistress

# ക്രൂരമൃഗങ്ങൾ

ഒരിക്കൽ ഒരു മനോഹരമായ പൂന്തോട്ടത്തിലെ നനച്ച നട്ടുവളർത്തിയ അതിമനോഹരമായ പൂക്കൾക്കിടയിലെ ഒരു ചെറിയ പൂവ് തലയെത്തി നോക്കുകയാണ്.അധികം ഭംഗിയും സൗന്ദര്യവുമൊന്നുമില്ല ആ കാട്ടു പൂവിന്.ആകാട്ടുപൂവ് സൂര്യനോടൊപ്പം തലതിരിച്ച് ചുകാരറ്റുമുള്ള കാഴ്ചകൾ കാണുകയാണ്. ആ കാട്ടുപൂവിനെ ഭംഗിക്കുറവായിരിക്കുന്നതിലാനായിരിക്കണം ചുറ്റം ഉള്ള ഒരു പൂക്കളും ആ പൂവിനെ കാണാതായി ഭാവിക്കാത്തത്.അതാ അകലേ തന്നെ നോക്കി പുഞ്ചിരിച്ചിക്കൊണ്ട് സൂര്യശോഭയിൽ വിട്ടിതിളങ്ങുന്ന ഹിമകണങ്ങൾക്കപ്പുറത്ത് തന്നെപ്പേലയുള്ള ഒരുപൂവ് പുതിയതായി വിരിഞ്ഞുകാട്ടുപൂവിന് സന്തോഷമായി .പിന്നെയും തലതിരിച്ച. കൺമുൻപിൽ ഒരു വലിയ വീട്. വീടെന്ന് പറഞ്ഞാൽ പോര ഒരു കൊട്ടാരം അത്ര വലുപ്പം.

ഇപ്പോഴാണ് കാട്ടുപൂവിന് കാര്യം മനസ്സിലായത്. “തന്നെപ്പോലെ തന്റെ ചുറ്റം ആരുമില്ലാത്തതും വിരിഞ്ഞതും.” ആ കുഞ്ഞിക്കാട്ടുപൂവിന് ഉടനെ ഉള്ളിൽ ആതി കേറി. സന്ധ്യയാകുമ്പോൾ തോട്ടക്കാരൻ വരും.തന്നെ പോലെ സ്വയം എത്തിനോക്കിയ പൂക്കളെ വകവരുത്തും. ആ കുഞ്ഞിപ്പൂവ് പൊട്ടികരഞ്ഞു. ആ കുഞ്ഞിക്കാട്ടുപൂവിനെ ആശ്വസിപ്പിക്കാനായി അവിടെ ഉണ്ടായിരുന്നത് ഒരു മുൾചെടിയായിരുന്നു.

# കവിത




കുടിക്കുവാൻ വേണം ജലം
കുളിക്കുവാൻ വേണം ജലം
നമുക്കലക്കുവാൻ വേണം ജലം
അഴുക്കകറ്റുവാൻ വേണം ജലം

ജലക്ഷാമവിന്നു
നാടാകെ രൂക്ഷം
ജനക്ഷേമമതിനാ -
ലെത്രയോ കഷ്ടം

ജലവമൂല്യമാണ്
അത് അറിയുക ജനതേ
ജലമമൂല്യമാണു മാനവാ
അത് മലിനമാക്കരുത് മാനവാ

BY
Isa mariya stephan
9D

## Story

# TWO CATS AND A MONKEY

Once upon a time there were two cats. They were good friends. They got a piece of bread. While sharing , they made big and small pieces. So they began to fight for the bigger piece. At the same time a monkey saw them fighting. The monkey said " I will share it equally." He bit the bigger piece to make it equal. Bit by bit he ate the whole bread and went away happily. The poor cats lost the bread .

Moral :- we must learn to share what we have.



BY

Adona Treesa Binu

8D

# WAR : A CURSE FOR HUMANITY

War – an age old scourge that has plagued humanity for centuries,represents a grim testament to our failtures in conflict resolution and the devastating consequens of unresolved disphutes.

The quest to migrate war's impact demands collective efforts . Education promoting tolerance, peaceful,resolution must prevail.

**" Never think that war. No matter how nesassary nor how justified is not a crime."**

BY
SREYA SABASTIAN
8D

## ചിത്ര വിസ്മയം




Abhinav 9c



Aron Sijo 9D



Aswin Anil 9D



Bennet Joby 9D

# പ്രളയം

വാർത്തകളിൽ പ്രളയം...
കണ്ണീരിന്റെ പ്രളയം.....
മഴ ദൈവങ്ങൾ കനിഞ്ഞ പ്രളയം

എങ്കിലും ദുഃഖം !
ഓർമ്മകൾ മറഞ്ഞു പ്രളയത്തിൽ
സ്വപ്നങ്ങൾ ഒഴുകി....
പ്രളയത്തിൽ
ഒടുവിൽ വന്ന പത്ര
വാർത്തയിൽ
ഒരു കടലിരുമ്മൽ !

വാർത്തയുടെ ഉള്ളിലിരിക്കുന്ന
" ഞാൻ കാത്തിരിക്കുകയാണ്
നീ തിരിച്ചുവരുമെന്ന
പ്രതീക്ഷയിൽ "
പ്രളയം......!
ഹൃദയത്തിലും ,
വാർത്തയിലും....!

**BY**
**Ayisha Rasheed**
**8d**

## മഹത് വാക്യങ്ങൾ

- എത്ര വെളിച്ചം പുറമേ കത്തിച്ചാലും അകം
  ഇരുട്ടാണെങ്കിൽ എന്ത് നേട്ടം

- ശ്രീ നാരായണ ഗുരുദേവൻ

- " സത്യം കൊണ്ട് മനസ്സും,
  സ്നേഹം കൊണ്ട് ഹൃദയവും ,
  സേവനം കൊണ്ട് ജീവിതവും
  സമ്പന്നമാക്കുക "

- ശ്രീബുദ്ധൻ

- പരാജയം എന്ന രോഗത്തെ കൊല്ലാനും
  ഏറ്റവും നല്ല മരുന്നാണ്
  ആത്മവിശ്വാസവും കഠിനാധ്വാനവും
  അത് നിങ്ങളെ ഒരു വിജയകരമായ വ്യക്തിയാക്കും

- എ.പി.ജെ അബ്ദുൾ കലാം

- വലിയൊരു ലോകം
  മുഴുവൻ നന്നാവാൻ
  ചെറിയൊരു സൂത്രം ചെവിയിലോതും ഞാൻ
  " സ്വയം നന്നാവുക "

- കുഞ്ഞുണ്ണിമാഷ്

BY
ADITHYA ABHILASH
8C

## ജലം ഒരു വരം

- **നദീജലസംരക്ഷണം**

ഭൂമിയിലെ ജീവന്റെ ഏറ്റവും ആവശ്യമായ ഉറവിടങ്ങളിൽ ഒന്നാണ് ജലംവിവിധ ആവാസവ്യവസ്ഥകളെ നിലനിർത്തുന്നതിൽ ഇത് പ്രധാന പങ്ക് വഹിക്കുന്നു.മാത്രമല്ല എല്ലാ ജീവജാലങ്ങളുടേയും നിലനിൽപ്പിന് അത് നിർണായകവുമാണ്.പാരിസ്ഥിതിക സന്തുലികവസ്ഥ നിലനിർത്തുന്നതിലെ പ്രാധാന്യത്തിനുപുറമേ ,നമ്മുടെ ദൈനംദിന ജീവിതത്തിശ ജലം നരവധി സുപ്രധാന ആവശ്യങ്ങൾ നിറവേറ്റുന്നു.

- **വെള്ളത്തിന്റെ വിവിധ ഉപയോഗങ്ങൾ**

**കുടിവെള്ളവും ജലാശയവും**

ജലത്തിന്റെ ഏറ്റവും അടിസ്ഥാനപരവും നിർണ്ണായകവുമായ ഉപയോഗം കുടിക്കുന്നതിനും ജലാംശം നിലനിർത്തുന്നതിനുമാണ്. ശരീരത്തിന്റെ ദ്രാവക സന്തുലികവസ്ഥ നിലനിർത്തുന്നതിനും കോശങ്ങളിലേക്ക് പോഷകങ്ങളും ഓക്സിജനും എത്തിക്കുന്നത് സുഗമമാക്കുന്നതിനും വെള്ളം അത്യാവശ്യമാണ്.

- **കൃഷി**

**കാർഷിക ഉപയോഗം**

കാർഷിക പ്രവർത്തനങ്ങൾക്ക് വെള്ളം ഒഴിച്ചുകൂട്ടാനാവത്തതാണ്. വിളകൾക്ക് വളർച്ചയ്ക്ക് ആവശ്യമായ ഈർപ്പം നൽകുന്നതാണ്.ആഗോള ശുദ്ധജല ഉപയോഗത്തിന്റെ 70 ശതമാനവും കൃഷിയിലേക്കാണ് പോകുന്നത് എന്ന് കണക്കാക്കപ്പെടുന്നു. ഇത് ഭക്ഷ്യ ഉൽപ്പാദനത്തിൽ അതിന്റെ നിർണ്ണായക പങ്ക് എടുത്തുകാണിക്കുന്നു.

പാചകം ശുചീകരണം , കുളിക്കൽ എന്നിങ്ങനെ വിവിധ ഗാർഹിക ആവശ്യങ്ങൾക്ക് വെള്ളം വ്യാപകമായി ഉപയോഗിക്കുന്നു. വ്യക്തിശുചിത്വത്തിനും വൃത്തിയുള്ള ജീവിത അന്തരീക്ഷം നിലനിർത്തുന്നതിനും ഇത് അത്യന്താപേക്ഷിതമാണ്.

- **വ്യാവസായികം**

വിവധ വ്യാവസായിക പ്രക്രിയകളിൽ ജലം ഒരു പ്രധാന പങ്ക് വഹിക്കുന്നു. യന്ത്രങ്ങൾ തണുപ്പിക്കുന്നതിനും , ഉപകരണങ്ങൾ വൃത്തിയാക്കുന്നതിനും ഇത് ഉപയോഗിക്കുന്നു. ഉൽപ്പന്നം , വൈദ്യുതി ഉൽപ്പാദനം തുടങ്ങിയ വ്യവസായങ്ങൾ അവയുടെ പ്രവർത്തനങ്ങൾക്ക് ജലത്തേയാണ് ആസ്രയിക്കുന്നത്.

- **വിനോദവും വിനോദസഞ്ചാരവും**

നീന്തൽ ,ബോട്ടിംഗ്,മീൻപിടിത്തം എന്നിവ പോലുള്ള ജലത്തെ അടിസ്ഥാനമാക്കിയുള്ള വിനോദ പ്രവർത്തനങ്ങൾ നിരവധി ആളുകൾക്ക് പ്രിയപ്പെട്ട വിനോങ്ങളാണ്... നമ്മുടെ ജീവിതത്തിൽ നിരവധി സുപ്രധാന ആവശ്യങ്ങൾ നിറവേറ്റുന്ന ഒഴിച്ചുകൂട്ടാനാവാത്ത ഒരു വിഭവമാണ് വെള്ളം.ജലാശയങ്ങൾ നൽകുകയും ആവാസവ്യവസ്ഥകൾ നിലനിർത്തുകയും ചെയ്യുന്നത് മുതൽ കൃഷി,വ്യവസായം,ഗാർഹീക ഉപയോഗം എന്നിവയെ പിന്തുണയ്ക്കുന്നത് വരെ ,നമ്മുടെ നിലനിൽപ്പിനും മൊത്തത്തിലുമുള്ള ക്ഷേമത്തിനും വെള്ളം അത്യാപേക്ഷിതമാണ്.

ഭാവിതലമുറയ്ക്ക് ജലലഭ്യത ഉറപ്പാക്കുന്നതിനാണ് ജലസംരക്ഷണത്തിന്റെയും ഉത്തരവാദിത്വത്തോടുകൂടെയുമുള്ള ജല ഉപയോഗത്തിന്റെയും പ്രാധാന്യം നാം തിരിച്ചറിയേണ്ടത് വളരെ പ്രധാനമാണ്. സുസ്ഥിരമായ പ്രവർത്തനങ്ങളിലൂടെയും നമുക്ക് ഈ വിലയേറിയ വിഭവം സംരക്ഷിക്കാനും അതിന്റെ നിരവധി സുപ്രധാന ഉപയോഗങ്ങളിൽ നിന്ന് പ്രയോജനം നേടാനും കഴിയും .

**BY**
**Aisha Rasheed**
8D

## ART OF DRAWING



**BY**
**Emilda Jose**
**8 C**

## അത്യാഗ്രഹത്തിന് ലഭിച്ച ശിക്ഷ

ഒരിക്കൽ ഒരു കാട്ടിൽ മക്കൾ ഉപേക്ഷിച്ച പോയ മുത്തനും മുത്തിയും ഉണ്ടായിരുന്നു. അവർ തന്റെ മക്കളെപ്പോലെ സ്നേഹിക്കുകയും വാത്സലിക്കുകയും ചെയ്ത രണ്ട് മക്കൾ ഉണ്ട്. അവർ നല്ല സുഹൃത്തുക്കൾ ആണ്. ഒരു തത്തയും ഒരു കുറുക്കനും.അവർ എന്നും ഒരുമിച്ച് കാട്ടിൽ പോയി കളിക്കുമായിരുന്നു. ഒരു ദിവസം കളിച്ചുകൊണ്ടിരിക്കുമ്പോൾ അവർക്ക് ഒരു വലിയ മത്തങ്ങകിട്ടി. കുറുക്കൻ ഒരു ഭോജനപ്രിയൻ ആയിരുന്നു.തത്തമ്മ ഒരു സഞ്ചാരപ്രിയയും. കുറുക്കൻ പറഞ്ഞു ഇതുകൊണ്ട് പായസം ഉണ്ടാക്കാം തത്ത പറഞ്ഞു നമുക്ക് ഇതുകൊണ്ട് ഒരു ബോട്ടുണ്ടാക്കി കടലിലൂടെ സഞ്ചരിക്കാം. അവർ മത്തങ്ങയും കൊണ്ട് വീട്ടിൽ എത്തി . മുത്തനേയും മുത്തിയേയും കാണിച്ചു . അവരുടെ ആഗ്രഹങ്ങൾ പറഞ്ഞു മുത്തനും മുത്തിക്കും സന്തോഷമായി. അവർ അങ്ങനെ മത്തങ്ങ കൊണ്ടൊരു ബോട്ടുണ്ടാക്കി. അവർക്ക് ഒത്തിരി സന്തോഷമായി.അങ്ങനെ മുത്തനോടും മുത്തിയോടും യാത്ര പറഞ്ഞു പോയി. മുത്തി അവർക്ക് കഴിക്കാൻ ഭക്ഷണ സാധനങ്ങൾ കൊടുത്തു. കുറുക്കന് തവിടും പിണ്ണാക്കും, തത്തമ്മയ്ക്കു പാലും പഴവും.അങ്ങനെ അവർ യാത്ര തുടർന്നു കടലിലൂടെ യാത്ര ചെയ്തു.

അവർ ഓരോ കാഴ്ചകൾ കണ്ട് സന്തോഷിച്ചു.തത്തമ്മയ്ക്കു ഭയങ്കര അതിശയമായി. ഒത്തിരി നേരം കഴിഞ്ഞപ്പോൾ കുറുക്കന് വിശന്നു കുറുക്കൻ പറഞ്ഞു

തത്തമ്മേ തത്തമ്മേ എനിക്കു വിശക്കുന്നു.തത്ത പറഞ്ഞു നിന്റെ ഭക്ഷണം എടുത്തു കഴിച്ചോ.അങ്ങനെ കുറുക്കൻ എല്ലാ ഭക്ഷണവും എടുത്തു തിന്നുതീർത്തു. തത്തമ്മ ആഹാരം ഒന്നും കഴിക്കാതെ ഓരോ മീനിനോടു സംസാരിച്ചുകൊണ്ട് ഇരുന്നു. അവൾ ഭക്ഷണം കഴിക്കാൻ പോലും മറന്നുപോയി.


കുറച്ചുനേരം കഴിഞ്ഞപ്പോൾ കുറുക്കന് വീണ്ടും വിശന്നു തത്തമ്മയെ വിളിച്ച് കാര്യം പറഞ്ഞു. തത്തമ്മ പറഞ്ഞു എന്റെ ഭക്ഷണം എടുത്തു കഴിച്ചോ.കുറുക്കൻ തത്തമ്മയുടേയും ഭക്ഷണം എടുത്തു കഴിച്ചു തീർത്തു. തത്തമ്മ കടലിലെ നല്ല തിരമാലയും ശബ്ദവും കേട്ട് ഉറങ്ങിപ്പോയി.

അങ്ങനെ കുറച്ചുനേരം കഴിഞ്ഞപ്പോൾ ക്ഷീണത്തിൽ കുറുക്കൻ ഉറങ്ങിപ്പോയി.അങ്ങനെ കുറച്ചുനേരം കഴിഞ്ഞപ്പോൾ കുറുക്കന് വിശന്നു. കുറുക്കൻ പോയപ്പോൾ ഒന്നുമില്ല.കുറുക്കൻ ആ ബോട്ടിന്റെ ഓരോ ഭാഗവും കടിച്ചു തിന്നാൻ തുടങ്ങി. അങ്ങനെ ഒത്തിരി കഴിച്ചപ്പോൾ ബോട്ട് മുഴുവൻ ഓരോ ദ്വാരം ഉണ്ടായി. അതിലൂടെ വെള്ളം കയറി.ബോട്ട് മുഴുവൻ മുങ്ങിപ്പോയി.തത്തമ്മ നോക്കിയപ്പോൾ ബോട്ട് മുഴുവൻ മുങ്ങുന്നത് കണ്ട് പറന്നുപോയി. കുറുക്കൻ ഭാരം കാരണം മുങ്ങിപ്പോയി.


BY :

Mary shaiju
8d

## CARTOON


എന്റെ ഒരു അമ്മാവനുണ്ട്... മൂക്കിൽ മാസ്ക്ക് വെക്കാൻ വല്ലാത്ത മടിയാ...
പഞ്ഞി വെക്കാനാവും ഇഷ്ടം !
By Aleenamol Shijo
8 D

## DRAWING




BY
ANDRESA JOSEPH
10B

## മഹത് വചനങ്ങൾ

**ധനവും പദവിയും അധികാരവുമല്ല ആവശ്യം ഹൃദയ ശുദ്ധിയാണ്.**

- സ്വാമി വിവേകാനന്ദൻ

**കുഞ്ഞുങ്ങളും പൂക്കളും മൃദുലവും നിർമ്മലവുമാണ് അവയെ മൃദുവായി വേണം കൈകാര്യം ചെയ്യാൻ**

- ജവഹർലാൽ നെഹ്റു

**വിജയിക്കാൻ ഞാനെടുത്തിട്ടുള്ള തീരുമാനത്തിന് കരുത്തുണ്ടെങ്കിൽ പരാജയം ഒരിക്കലും എന്നെ പിന്തുണയ്ക്കില്ല**

- എ.പി.ജെ അബ്ദുൾ കലാം

**കുറച്ച് പറയുന്നുള്ളവർ ഏറെ സംസാരിക്കുന്നു എന്നത് ശ്രദ്ധേയമാണ്**

- പ്രിയോർ

**പ്രസംഗിക്കുന്ന രീതിയാണ് പറയുന്ന കാര്യങ്ങളേക്കാൾ പ്രധാനം**

-ജെസ്റ്റിൻ ഫീൽഡ്

**ചെയ്യാവുന്നതിൽ നല്ലതിനു ചെയ്യുക നാളെ അതിലും മെച്ചമായത് ചെയ്യാം**

- സർ.ഐസക് ന്യൂട്ടൺ

BY
Jyothis c.j
8 A

ഉപന്യാസം

## ലഹരി എന്ന വിപത്ത്

ലഹരിയുടെ ഉപയോഗം മൂലം നിരവധി പ്രശ്നങ്ങൾ നമ്മുടെ സമൂഹത്തിൽ നടക്കുന്നുണ്ട്.കഞ്ചാവ്,മയക്കുമരുന്ന്,മദ്യം.എന്നിവ ലഹരിവസ്തുക്കളിൽ ഉൾപ്പെടുന്നു.ചെറിയ പീടികകളിൽപോലും ഇവ ഇപ്പോൾ ലഭ്യമാണ്.തുളസി,സൂചിമോൻ എന്നീ ഓമനപേരുകളിൽ ഇവ അറിയപ്പെടുന്നു.ലഹരിയ്ക്ക് പലപ്പോഴും ഇരയാവുന്നത് സ്കൂൾ വിദ്യാർത്ഥികൾ ആണ്.നമ്മൾ ശ്രദ്ധാലുക്കളാകണം.ആരേയും ഒരു പരുധി കവിഞ്ഞ് വിശ്വസിക്കരുത്. നമ്മെ കാത്ത് പല ചതിക്കുഴികൾ പുറത്തുണ്ട് എന്ന ഉത്തമബോധം നമ്മിലുണ്ടാവണം.

ലഹരിയുടെ ഉപയോഗം മൂലം മറവി,കാൻസർ,ഹൃദ്രോഗം,എംഫീസിമ,രക്തസമ്മർദം എന്നീ രോഗങ്ങൾ സൃഷ്ടിക്കുന്നു. ലഹരി വസ്തുക്കൾ സങ്കീർണ്ണമായ സാമൂഹികസൃഷ്ടികൾക്ക് തുടക്കം കുറിക്കുന്നു. ആരോഗ്യം,സംസ്കാരം,സമ്പത്ത്,പഠനം എന്നിവയെല്ലാം തകർത്തെറിയുന്ന ലഹരിവസ്തുക്കളെ കർശനമായും വർജിക്കണം.

BY
Ashniya Anish
9C

## സൗഹൃദം എന്നത് അവസാനിക്കുന്നില്ല

രോഹിത്തും വിശാലും രണ്ടു സുഹൃത്തുക്കൾ ആയിരുന്നു. അവർ വളരെ അടുത്തായിരുന്നു താമസം രണ്ടുപേരും ആത്മാർതഥയുള്ള സുഹൃത്തുക്കൾ ആയിരുന്നു. അവർ ഇപ്പോൾ പഠിക്കുന്നത് അഞ്ചാം ക്ലാസ്സിൽ ആണ് . അഞ്ചാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ അവർ നല്ല നിലവാരത്തോടുക്രുടി പഠിച്ചു. എന്നാൽ പത്താം ക്ലാസ്സ് കഴിഞ്ഞപ്പോൾ അവർ കണ്ടുപേരും വെവ്വേറെ സ്ക്രൂളുകളിൽ ആയിരുന്നു പഠനം . രോഗിത്തിനും വിശാലിനും തങ്ങളുടെ ഹൃദയത്തിന്റെ ഒരു ഭാഗം നഷ്ടപ്പെട്ടതുപോലെയുള്ള അവസ്ഥയായിരുന്നു ആ പിരിയൽ. എന്നാൽ ഒരു ദിവസം അവർ കണ്ടുമുട്ടുന്നു പക്ഷേ രോഗിത്തിനു ചെറിയ തിരക്കുണ്ടായിരുന്നു അവർ പിന്നീട് കണ്ടുമുട്ടാൻ വർഷങ്ങൾ എടുത്തു. ഒരു നാൾ രോഹിത്ത് തന്റെ ജോലി കഴിഞ്ഞ് വീട്ടിലേയ്ക്ക് വരുന്ന വഴി തലകറങ്ങി വീണു ആ സമയം വിശാൽ അവനെ എടുത്ത് ആശുപത്രയിൽ കൊണ്ടുപോയി. ഇതാണ് പറയുന്നത് സൗഹൃദം എന്നത് അവസാനിക്കുന്നില്ല എന്ന്.

BY
**Jeffin Jomon**
**9D**

## DRAWING



BY
Silpa Saji
10 B

## DRAWING 2



BY
HENIN
9D

## പായ് കപ്പൽ



BY
EMILDA JOSE
8C

# സൃഷ്ടികൾ









****************************************************************************************

## ദൈവം തന്ന എന്റെ കാവൽമാലാഖകൾ

വീണ്ടും വെയിൽ വന്നു.വസന്തം വന്നു.പൂക്കളിൽ രത്നങ്ങൾ വെട്ടിത്തിളങ്ങി. ആ കുഞ്ഞിന് അവർ കാവലായി.ദൈവത്തിന്റെ ഭാഷയിൽ യഥാർത്ഥ കാവൽമാലാഖകൾ.പൊന്നുകുട്ടി തന്റെ ഭൂതകാലത്തേക്ക് ഒരു യാത്ര പോയി.ഒരു നിമിഷം കണ്ണുനിറഞ്ഞു."അമ്മ" എന്നും അവനൊരു തണലായിരുന്നു.സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും വൃക്ഷമായിരുന്നു. " അച്ഛന " അവന്റെ സ്വപ്നങ്ങൾക്ക് മിഴിവേകി. " അനുജൻ" അവന് 1 വയസ്സ് പ്രായം കളിക്കാനും കളിപ്പിക്കാനും ഒപ്പമുണ്ടായിരുന്നു.

ആഗസ്റ്റ് 22. എന്നെ സംബന്ധിച്ച് നഷ്ടങ്ങളുടേയും തീരാദുഃഖങ്ങളുടേയും ദിവസമായിരുന്നു. ഞാനും അമ്മയും അച്ഛായിയും ഒരുമിച്ചാണ് അന്ന് രാത്രി ഉറങ്ങിയത്. അനുജൻ നേരത്തെ ഉറങ്ങിയായിരുന്നു. പെട്ടന്ന് വലിയ ശബ്ദം.ഞാൻ ആ ഉറക്കത്തിൽ നിന്ന് ഉണർന്നു നോക്കുമ്പോൾ കണ്ടത് പടുകൂറ്റൻ പാറകളും ,കല്ലുകളും,മണ്ണും ഒക്കെയാണ്.പിന്നീട് ഇരുട്ടായിരുന്നു.ചോര നനവുള്ള മണ്ണ് അതിനിടയിലാണ് ഞാൻ എന്നെനിക്കു മനസ്സിലായി.പക്ഷേ,ഒന്നനങ്ങാൻ കഴിയാത്ത വിധം പാറകളാൽ എന്നെ പൊതിഞ്ഞ ഒരു കൂമ്പാരം ഉണ്ട് അവ എനിക്ക് ഏറെ മുറിവുകൾ സമ്മാനിച്ചു എന്നും ഞാൻ മനസ്സിലാക്കി.എപ്പോഴാണ് എന്നറിയില്ല.ശബ്ദങ്ങൾ കേട്ടുതുടങ്ങി. " എന്നെ രക്ഷിക്കണേ...."ആവുന്നത്ര സ്വരത്തിൽ ഞാൻ നിലവിളിച്ചു.ആരോ വന്നു പാറകൾ മാറ്റി.വെളിച്ചം കണ്ണിൽ പ്രകാശിച്ച നേരം കണ്ണുകൾ ചിമ്മി.ആരുടെയെന്നറിയില്ല.രണ്ട് കൈകൾ എനിക്ക് നേരെ ...അത് എനിക്ക് ദൈവം തന്ന രണ്ടാം ജന്മമായി ഞാൻ കണ്ടു.ആ കൈകൾ അതിന്റെ ഉടമയ്ക്കുവേണ്ടി പ്രാർത്ഥിച്ചു.എന്റെ കൈയ്യിൽ പ്ലാസ്റ്റർ ഉണ്ടായിരുന്നു.വലത്കാലിന് ഉടിവും എനിക്ക് വല്ലാതെ വേദന തോന്നി.വേനയ്ക്കിടയിൽ ഞാൻ അന്വേഷിച്ചു "അമ്മ എവിടെ " ? അച്ഛനും വാവയും അവർ എവിടെ ? വല്ല്യമ്മ കരഞ്ഞു.എന്നെ അവർ ഒരു വീൽചെയറിലേയ്ക്കു മാറ്റി.പതുക്കെ തള്ളി നല്ല തണുപ്പ് നിറഞ്ഞ ഒരു മുറിയിലെത്തിച്ചു.അവിടെ വെള്ളത്തുണി പുതച്ച് തണുത്ത് കിടക്കുകയാണ് അവർ

മൂന്നും.അനിയൻകുട്ടൻ,അമ്മ,അച്ഛൻ.ഞാനൊന്ന്
അലറിക്കരഞ്ഞു.സഹിക്കാനായില്ല.എല്ലാവരും പോയി എന്നെ തനിച്ചാക്കി.

മാസങ്ങൾ പലത് കടന്നു. ഒരു ദിവസം ഒരു അമ്മച്ചിയും അപ്പച്ചനും എന്നെ കാണാൻ വന്നു. അവർ എന്നെ ദത്തെടുത്തു.അവർക്ക് മക്കൾ ഇല്ലായിരുന്നു. അന്ന് ഞാൻ അവരിൽ എന്റെ അമ്മയേയും അച്ഛായിയേയും കണ്ടു.അവരിൽ നിന്നുള്ള സ്നേഹം എനിക്ക് ഇവിടെ നിന്നും കിട്ടി.അവരാണ് എന്റെ കാവൽമാലഖമാർ............
ദൈവം എനിക്കു തന്ന കാവൽമാലഖമാർ...........................................!

BY
Ashniya Anish
9c

## തിരികെ ജീവിതത്തിലേയ്ക്ക്

എല്ലാ ദിവസവും പോലെ അന്നും സോഫി സ്കൂളിൽ പോയി.തിരികെവന്ന് കുന്നിൻ മുകളിലുള്ള അവളുടെ കൊച്ചുവീട്ടിലേയ്ക്ക് ഓടിപ്പോയി.ആ വീട്ടിൽ അവളും അവളുടെ അമ്മയായ ദേവിയും മാത്രമേ ഉണ്ടായിരുന്നുള്ളൂ.അച്ഛൻ കുറേ നാളുകൾക്കു മുമ്പ് മരിച്ചു പോയി.ആ വീട്ടിലെ ചിലവുകൾ നോക്കുന്നത് ദേവി കൂലിപ്പണിക്ക് പോയി കിട്ടുന്ന പണം കൊണ്ടായിരുന്നു.

പിറ്റേ ദിവസം ദേവി നേരത്തെ എഴുന്നേറ്റു.സോഫിക്ക് സ്കൂളിൽ കൊണ്ടുപോകാനുള്ള ചോറ് ഉണ്ടാക്കാനുള്ള തിടുക്കത്തിലായിരുന്നു ദേവി.കുറച്ച് കഴിഞ്ഞ് സോഫി എഴുന്നേറ്റ് അമ്മയെ സഹായിച്ചു.സമയം 7.00 മണി ആയപ്പോൾ സോഫി ബാഗെടുത്ത് ബുക്കും ചോറ്റുപാത്രവും കുപ്പിയും അതിൽവെച്ച് യൂണിഫോമിട്ട് റെഡിയായി വന്നു. അപ്പോഴത്തേക്കും ദേവി കഴിക്കാനുള്ള ഭക്ഷണം എടുത്ത് വച്ചു. അവൾ അതും കഴിച്ച് സ്കൂളിലോട്ട് ഓടി .

ഉച്ചയായപ്പോൾ സോഫിയുടെ ക്ലാസ്സിലോട്ട് ടീച്ചർ കയറി വന്നു. അവൾ എണീറ്റതും ടീച്ചറിന്റെ കയ്യിലേക്ക് അവൾ വീണു.അവൾ ഉണരുവാൻ വേണ്ടി അവർ കുറേ പരിശ്രമിച്ചു.പക്ഷേ ഫലം കണ്ടില്ല.അവർ വേഗം അവളെ ആശുപത്രിയിൽ കൊണ്ടുപോയി.എന്നിട്ട് ടീച്ചർ ദേവിയെ വിളിച്ചു പറഞ്ഞു. സോഫി ആശുപത്രിയിലാമെന്നു കേട്ടതും ചങ്ക് തകർന്ന വേദനയോടെ അവൾ ആശുപത്രിയിലേക്കു ഓടിവന്നു.

അവിടെ വന്ന് അവൾ ടീച്ചറുമാരുടെ അടുത്തിരുന്നു. ഒരു ഡോക്ടർ വന്ന് പറഞ്ഞു സോഫി രക്ഷപെടാനുള്ള ചാൻസ് വളരെ കുറവാണ്,കാരണം അവളുടെ ശരീരം മുഴുവൻ ഇൻഫെക്ഷനാണ്. അത് കേട്ടതും ദേവി കരയാൻ തുടങ്ങി.ഒരുവിധം സമാധാനിപ്പിച്ച് ഇരുത്തി.ആഴ്ച ഒന്ന് കഴിഞ്ഞു.ഡോക്ടർമാർ,മരിക്കുമെന്ന് വിധിയെഴുതിയ സോഫിക്ക് അങ്ങനെ സംഭവിച്ചു. അവർ ശെരിക്കും ഞെട്ടി .വിധിയെ അതിജീവിച്ച് അവൾ തിരികെ ജീവിതത്തിലേക്കു വന്നു. ദേവിയുടെ മുഖം തെളിഞ്ഞു.

രണ്ടു ദിവസം കഴിഞ്ഞ് അവളെ ഡിസ്ചാർജാക്കി.ബിൽ അടച്ച് ദേവി സോഫിയേയും കൂട്ടി വീട്ടിൽ വന്നു. സോഫിയെ കട്ടിലിൽ കിടത്തി ദേവി പോയി കഴിച്ചു. പിറ്റേന്ന് അവർ രണ്ടുപേരും കൂടി അച്ഛനെ അടക്കിയിരിക്കുന്ന സ്ഥലത്തേക്ക് പോയി.

കുറേ നേരം അവിടെ നിന്ന് പ്രാർത്ഥിച്ചു.തിരികെ വീട്ടിലേയ്ക്ക് പോകാൻ തുടങ്ങി.എങ്കിലും സാധിച്ചില്ല.സോഫി അച്ഛന്റെ കുഴിമാടത്തിൽ മുകളിലേയ്ക്ക് വീണു.അവസാന ശ്വാസം വലിച്ചു.ദേവി അലമുറയിട്ട് കരഞ്ഞു. ആ കരച്ചിൽ ഭൂമിയുടെ ചെവികളിൽ മുഴങ്ങിക്കൊണ്ടിരുന്നു.

**BY**
**Alona Babu**
**8 C**

## കുഞ്ഞിക്കിളിയും ഞങ്ങളും

ഈ കഴിഞ്ഞ വേനലവധിക്കാലം ഞങ്ങൾക്കേറെ സന്തോഷം തരുന്നതായിരുന്നു. ഓൺലൈൻ ക്ലാസ്സുകൾക്കൊരു ഇടവേള. അവധിദിവസങ്ങളിൽ നേരം വൈകിയാണ് ഞാൻ രാവിലെ ഉണർന്നിരുന്നത്. മിക്ക ദിവസങ്ങളിലും ഞാൻ എഴുന്നേറ്റശേഷം നേരെ മുകളിൽനിന്ന് പരിഹസിച്ചുകൊണ്ടിരിക്കുന്ന സൂര്യൻ ആയിരുന്നു എന്റെ കണി. ഒരു ദിവസം ഏതാണ്ട് കൃത്യമായി പറഞ്ഞാൽ ജൂൺ 10 ാം തിയതി ഒരു മനോഹരമായ കുറുകൽ ശബ്ദം കേട്ടാണ് ഞാൻ എഴുന്നേറ്റത്. ബാൽക്കണിയിലെ ചില്ലുജാലത്തിലൂടെ ഞാൻ പുറത്തേക്ക് നോക്കിയപ്പോൾ അവിടെ രണ്ട് ഇണപ്രാവുകളെ കണ്ടു.പറവകളുടെ സ്നേഹവും പരസ്പര കരുതലും എന്നെ അതിശയിപ്പിച്ചു. അവ അവിടെ ചുള്ളിക്കമ്പുകളും,ഉണികമ്പുകളും കൊണ്ടൊരു കൂടുണ്ടാക്കുകയായിരുന്നു. എല്ലാ ദിവസവും എന്നെയും എന്റെ അനിയത്തിക്കുട്ടിയേയും വിളിച്ചുണർത്തിയത് ആ പ്രാവുകൾ ആയിരുന്നു.

അങ്ങനെ ഒരു വെള്ളിയാഴ്ചയുടെ പ്രഭാതം പതിവിലും വ്യത്യസ്തമായ ഒരു ശബ്ദമാണ് ഞങ്ങളെ വിളിച്ചുണർത്തിയത്. പെട്ടന്ന് ഞാൻ ജനാലയിൽക്കൂടി നോക്കിയപ്പോൾ കണ്ടത് പ്രാവുകൾ ശബ്ദമുണ്ടാക്കാതെ അവിടെ ഇരിക്കുന്നതായിരുന്നു. പെട്ടന്നാണ് ഞാൻ ഇടതുവശത്തേക്ക് ശ്രദ്ധിച്ചത് ഒരു മുട്ട. പൊട്ടിച്ചിതറിയിരിക്കുന്നത് എന്റെ ശ്രദ്ധയിൽപ്പെട്ടു.ഞാൻ ഒരു നിമിഷം പ്രാവിന്റെ കൂട്ടിലേയ്ക്ക് നോക്കി, അവിടെ ഞാൻ ഒരു മുട്ട കൂടിയിരിക്കുന്നത് കണ്ടു. ആ പ്രാവിന്റെ മുട്ടകളിൽ ഒന്ന് പൊട്ടിയെങ്കിലും ഒരെണ്ണം സുരക്ഷിതമാണെന്നു കണ്ടപ്പോൾ ഞാൻ ആഹ്ലാദിച്ചു. ഈ കാര്യം ഞാൻ അനിയത്തിക്കുട്ടിയോടും പറഞ്ഞു.എല്ലാ ദിവസവും ഞങ്ങൾ ആ പ്രാവുകളെ നിരീക്ഷിക്കുമായിരുന്നു.അമ്മ പ്രാവ് ആ മുട്ടയുടെ മുകളിൽ അടയിരിക്കുന്നത് ഞങ്ങൾ കാണാറുണ്ടായിരുന്നു.

കുറേ ദിവസങ്ങൾക്കു ശേഷം ഒരു പ്രഭാതത്തിൽ ഒരു മൃദുസ്വരം കേട്ടാണ് ഞങ്ങൾ ഉണർന്നത്. ആ പ്രാവുണ്ടായ കൂട്ടിലേയ്ക്ക് നോക്കിയപ്പോൾ കണ്ടത് രോമങ്ങൾ പോലെ തൂവലുള്ള ഒരു കുഞ്ഞിക്കിളിയെ ആയിരുന്നു. ഞങ്ങൾ സന്തോഷത്തോടെ തുള്ളിച്ചാടി,അടുക്കളയിൽ ചെന്ന് അമ്മയോട് ഇക്കാര്യം പറഞ്ഞു അമ്മയും ഞങ്ങളോടൊപ്പം കൂടി.കുഞ്ഞിക്കിളിയുടെ ഓരോ വളർച്ചയും ഞങ്ങൾ നിരീക്ഷിച്ചുകൊണ്ടിരുന്നു.

അമ്മക്കിളി എല്ലാദിവസവും കുഞ്ഞിക്കിളിക്ക് കൊക്കുകൾകൊണ്ട് വായിൽ ആഹാരം വച്ചുകൊടുക്കുന്നതും സ്നേഹം പങ്കിടുന്നതും ഞങ്ങളെ അധികമായി സന്തോഷിപ്പിച്ചു.പെട്ടന്നാണ് കുഞ്ഞിക്കിളി വളർന്നത്.രോമങ്ങൾ വളർന്ന് തൂവലുകളായി,ചുണ്ടുകൾക്കു നീളം വച്ചു നടക്കുവാൻ തുടങ്ങി ഇതൊക്കെ ഞങ്ങൾ കൗതുകത്തോടെ നോക്കുമായിരുന്നു.

കുറച്ചു ദിവസങ്ങൾക്കു ശേഷം കുഞ്ഞിപ്രാവ് അതിന്റെ കൂടുവിട്ട് എങ്ങനെയോ താഴേയ്ക്കിറങ്ങി ആ പ്രാവ് പറക്കുവാൻ ശ്രമിക്കുന്നത് ഞങ്ങൾ നോക്കിയിരുന്നു. അതേദിവസം ഉച്ച ഊണിന് ശേഷം ഞങ്ങൾ ബാൽക്കണിയിലേക്ക് നോക്കിയിരിക്കുമ്പോൾ ആ കുഞ്ഞിപ്രാവ് ബാൽക്കണിയുടെ കൈവരികളിലിരുന്ന് അഭയംകൊടുത്ത ഞങ്ങളെ ഒന്ന് തിരിഞ്ഞുനോക്കി ഭംഗിയുള്ള ചിറകുകൾ വിടർത്തി അനന്തമായ ആകാശവിതാനത്തിലേയ്ക്ക് പറന്നുയർന്നു.ഇത്തിരി നിറകണ്ണുകളോടെയാണ് അത് ഞങ്ങൾ നോക്കിയിരുന്നതെങ്കിലും , അത് ചിറകുവിടർത്തി പറന്നുയർന്നത് കണ്ടപ്പോൾ സന്തോഷമായി.

**BY**
**Angel Baby**
**9A**

## രാത്രിയുടെ മനോഹാരിത

പണ്ട് എന്നോട് അമ്മൂമ്മ പറഞ്ഞ കൊച്ചുകഥകളിൽ രാത്രിക്കുള്ള സ്ഥാനം പ്രധാനമാണ്. ചിലപ്പോഴൊക്കെ ഞാൻ ചിന്തിക്കും രാത്രിയുടെ ഇരുട്ടിന്റെ മനോഹാരിതയെപറ്റി. ചില സമയം അമ്മൂമ്മ എനിക്ക് പരിചയപ്പെടുത്തി തന്ന രാത്രിയെ കുറിച്ച് ഞാൻ ഓർത്തിരിക്കാറുണ്ട്. ഒരു ദിവസം രാത്രി കട്ടിലിൽ തലടായിച്ച് ഞാൻ കിടന്നു.എന്നാൽ എന്റെ ഉള്ളിലെ ഉറക്കത്തിന്റെ സ്പന്ദനങ്ങൾ എവിടെയോ അസ്ഥമിച്ചുപോയതുപോലെ.

ആ സമയം ഞാൻ മുറിയുടെ ജനാലതുറന്ന് നിലാവിന്റെ വെളിച്ചത്തിലിരുന്ന് ആകാശത്തിലെ വെള്ളിനക്ഷത്രങ്ങളോട് കഥ പറഞ്ഞു. അതിനിടയിൽ ജനാലയിൽ വന്ന് തട്ടുന്ന കാറ്റ് എന്റെ കഥ ഒന്ന് കേട്ടിട്ട് പോകും.വൃക്ഷങ്ങൾ അതിന്റെ ഇലകൾ കൊണ്ട് പാട്ടുപാടും.ഏകാന്ത നിശബ്ദതയിൽ പ്രകൃതിയുടെ ഗാനങ്ങൾ എത്രയോതവണ ജനാലക്കരികിലിരുന്ന് ഞാൻ കേട്ടിട്ടുണ്ട്.അങ്ങുദൂരെ രാത്രിയുടെ നിശബ്ദതയിൽ ഒച്ചവെച്ചുകൊണ്ടിരിക്കുന്ന പുഴയുടെ ഓളങ്ങളുടെ ശബ്ദം എന്നെ ചിന്തകളിൽ നിന്നുണർത്തും

ആ രാത്രി മഴയുടെ കരഘോഷത്തിലാണെങ്കിൽ നിലാവും നക്ഷത്രങ്ങളും മേഘകെട്ടുകൾക്കിടയിൽ ഒളിച്ചിരിക്കും. ആ സമയം വരുന്ന കാറ്റിന്റെ ശബ്ദം ചിലപ്പോഴൊക്കെ എനിക്ക് ഭയാനരകമായി തോന്നിയിട്ടുണ്ട്. ആ രാത്രി ഞാൻ ഒന്നു പുറത്തേയ്ക്കു നോക്കി മരവിച്ചിരിക്കുന്ന വൃക്ഷങ്ങളിലൂടെ കണ്ണോടിച്ച് പതുക്കെ കമ്പിളി വലിച്ചുകേറ്റി മെത്തയിൽ ചാഞ്ഞുകിടക്കും. മെല്ലെ ഉറക്കത്തിലേയ്ക്ക് വഴുതിവീണ് രാത്രിയുടെ ഏകാന്തതയിൽ അങ്ങനെ അങ്ങനെ .............

Diya Mariyam Shanu
**8C**

# THANK YOU